# ദേവമാത സി.എം.ഐ. പബ്ലിക് സ്കൂൾ

## അർദ്ധവാർഷിക പരീക്ഷ 2017 - 2018

## മലയാളം

Std. IV

Time : 2 h.
Marks : 50

### എ വിഭാഗം – വായന

I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

അത്ഭുതങ്ങളുടെ ലോകമാണ് കടൽ. അതിശയം ജനിപ്പിക്കുന്ന നിരവധി ജീവികൾ കടലിൽ ഉണ്ട്. അതിലൊന്നാണ് സ്റ്റാർഫിഷ് എന്നറിയപ്പെടുന്ന നക്ഷത്രമത്സ്യം. ഇതിന് മത്സ്യവുമായി യാതൊരു ബന്ധവുമില്ല. നക്ഷത്രാകൃതിയിലുള്ള ഒരു കടൽജീവിയാണ് സ്റ്റാർഫിഷ്. വട്ടത്തിലുള്ള ഒരു മധ്യഭാഗവും അതിനുചുറ്റും സാധാരണയായി അഞ്ച് കൈകളുമുള്ള ജീവിയാണ് നക്ഷത്രമത്സ്യം. ഇവയുടെ ശരീരത്തിൽ ഒരു തുള്ളി രക്തംപോലുമില്ലെന്നതാണ് അതിന്റെ പ്രത്യേകത. പകരം വെള്ളം പോലെയുള്ള ദ്രാവകമാണ് ശരീരത്തിലുള്ളത്. രക്തമില്ലെന്നപോലെ ഇവയ്ക്കു തലച്ചോറുമില്ല. നക്ഷത്രമത്സ്യത്തിന്റെ പ്രധാന ആഹാരം പവിഴം, ചെറിയ മത്സ്യങ്ങൾ എന്നിവയാണ്. ശത്രുക്കളിൽ നിന്നും രക്ഷ നേടാൻ സ്വയം കൈകൾ മുറിച്ചു കളയുന്ന രീതിയും ഇവയ്ക്കുണ്ട്.

ചോദ്യങ്ങൾ : (1 x5 =5)

1. ഈ ഗദ്യഭാഗത്തിന് ഉചിതമായ തലക്കെട്ട് നൽകുക.
2. നക്ഷത്രമത്സ്യത്തിന് എത്ര കൈകൾ ഉണ്ട്?
3. നക്ഷത്രമത്സ്യത്തിന്റെ പ്രധാന ആഹാരം എന്ത്?
4. നക്ഷത്രമത്സ്യത്തിന്റെ പ്രത്യേകത എന്ത്?
5. ശത്രുക്കളിൽനിന്നും രക്ഷപ്പെടാൻ സ്വീകരിക്കുന്ന രീതി എന്ത്?

II താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

കാറ്റും മഴയുമൊരാഘോഷം
വീട്ടിലെനിക്കതു സന്തോഷം
അകലെക്കാഴ്ചകൾ മറവായീ
പുകപോലെങ്ങും നീരാവി
കാറ്റടി വീട്ടിൽ കയറാതെ
കതകു മടച്ചൂ വലിയമ്മ
കാപ്പിതരാനുണ്ടെന്നമ്മ
കഥപറയാനുണ്ടമ്മൂമ്മ
കഥ പറയാം ഞാൻ കുട്ടികളേ
അതിനിനി മൂളാനാരാരോ?
മൂളാം ഞങ്ങളതിൽത്തന്നെ
മുഴുകിയുറങ്ങിപ്പോയാലോ
കതകിനു മുട്ടിച്ചെവി പാർക്കും.
കാറ്റും മഴയും മൂളൂലോ.

ചോദ്യങ്ങൾ : (1 x5 =5)

1. ഈ പദ്യഭാഗത്തിന് ഉചിതമായ തലക്കെട്ട് നൽകുക.
2. കാറ്റടിവീട്ടിൽ കയറാതിരിക്കാൻ വലിയമ്മ എന്താണ് ചെയ്തത്?
3. കുട്ടിക്കു കഥ പറഞ്ഞുകൊടുക്കുന്നത് ആരാണ്?
4. പുകപോലെ കാണുന്നത് എന്താണ്?
5. കുട്ടിക്കു സന്തോഷമുണ്ടാവാൻ കാരണമെന്ത്?

## ബി വിഭാഗം - എഴുത്ത്

I അഞ്ച് പഴഞ്ചൊല്ലുകൾ (5)

അല്ലെങ്കിൽ

അഞ്ച് ശൈലികൾ എഴുതുക

II ആശയം വിപുലീകരിക്കുക: (5)

സമ്പത്തു കാലത്ത് തൈ പത്തുവച്ചാൽ
ആപത്തു കാലത്ത് കാ പത്തു തിന്നാം.

## സി വിഭാഗം - വ്യാകരണം

I പിരിച്ചെഴുതുക: (½x4=2)

1. രുചിയൂറുന്ന
2. കാണുന്നേരം
3. ചൂരൽപ്പഴം
4. വെണ്ണിലാവോലുന്ന

II ചേർത്തെഴുതുക: (½x4=2)

1. എവിടെ + ഉം
2. അവരെ + പോലെ
3. കണ്ണീർ + ഒപ്പി
4. വൃക്ഷ + ലത + ആദി + കൾ

III വിഗ്രഹിക്കുക (½x2=1)

1. അധ്വാനശീലർ
2. തങ്കപ്പതക്കം

IV കൂട്ടത്തിൽ ചേരാത്ത പദം കണ്ടെത്തുക: (½x4=2)

1. അർജുനൻ, ഫൽഗുനൻ, വൃകോദരൻ, പാർത്ഥൻ
2. മുഖം, ആനനം, കാനനം, വക്ത്രം
3. മകൻ, തനയ, തനയൻ, പുത്രൻ
4. കരം, കരി, കൈ, ബാഹു

V ചേരുപടി ചേർത്ത് എഴുതുക: (½x5=2½)

| | (എ) | (ബി) |
|---|---|---|
| 1. | ചൂളംവിളി | ചെറുശ്ശേരി |
| 2. | കണ്ണനും മാതാവും | ഗാന്ധിജി |
| 3. | ഒരു താരാട്ട് | ഡോ. ജെ.കെ.എസ്. വീട്ടൂർ |
| 4. | മഴ | സിസ്റ്റർ മേരി ബനീഞ്ഞ |
| 5. | ഉറച്ച തീരുമാനം | ജി. ശങ്കരക്കുറുപ്പ് |

VI ഒറ്റപ്പദം എഴുതുക: (½x1=½)

1. രോഗമില്ലാത്ത അവസ്ഥ

VII വാചകം ക്രമപ്പെടുത്തുക: (1x2=2)

1. ഒരു കർഷകൻ/ രാജാവ്/ ഇറങ്ങാൻ/ വന്നത്/ ഭാവിച്ചപ്പോഴാണ്/ പുറത്തേക്ക്
2. പ്രകൃതക്കാരനായിരുന്നു/ മോഹൻദാസ്/ മെലിഞ്ഞ/ തീരെ

VIII ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക: (½x4=2)

1. കുരുക്ഷേത്ര യുദ്ധത്തിൽ വിജയിച്ചതാര്
   (കൗരവർ, പാണ്ഡവർ)
2. ആഹാരത്തിനു രുചിയില്ല. വയറിനു സുഖമില്ല എന്ന് അമ്മയോടു കള്ളം പറഞ്ഞതാര്?
   (മോഹൻദാസ്, കണ്ണൻ)
3. കൈയിലിരുന്ന വെണ്ണ ആരു വന്നു തട്ടിയെടുത്തെന്നാണ് കണ്ണൻ പറഞ്ഞത്.
   (കാക്ക, കുയിൽ)
4. നൂറുമീറ്റർ ഫൈനൽ ഓട്ടമത്സരത്തിൽ എത്രപേർ ഒന്നാമതായി വിജയിച്ചു.
   (എട്ടുപേർ, ഏഴ്പേർ)

IX പദസൂര്യൻ തയ്യാറാക്കുക: (¼x4=1)



## ഡി - വിഭാഗം

I അർത്ഥം എഴുതുക. (½x2=1)

1. കഠിനം 2. പ്രശംസിക്കുക

II വിപരീതം എഴുതുക. (½x2=1)

1. സാധാരണം 2. ഉറക്കെ

III പര്യായം എഴുതുക. (1x2=2)

1. ഭൂമി 2. സ്വർണ്ണം

IV നാനാർത്ഥം എഴുതുക: (1x2=2)

1. അണയുക 2. നവം

V പദ്യം പൂരിപ്പിക്കുക: (3)

മഴമേഘ ——————————————————

——————————————————തീർന്നീടും

VI വാക്യത്തിൽ പ്രയോഗിക്കുക: (1)

1. കണ്ണീരൊപ്പുക

VII ഉത്തരമെഴുതുക: (1x5=5)

1. മരുഭൂമി മരതക മണിയുന്നതെപ്പോൾ?
2. രണ്ടുകൈയിലും വെണ്ണ വച്ചപ്പോൾ കണ്ണന്റെ മുഖം എങ്ങനെ ശോഭിച്ചു വെന്നാണ് കവി പറയുന്നത്?
3. കർഷൻ ധർമ്മപുത്രരോട് എന്താണ് പറഞ്ഞത്?
4. സ്റ്റേഡിയത്തിൽ കേട്ട അറിയിപ്പ് എന്ത്?
5. കുട്ടി കുയിലിനോട് കൂവരുതെന്നു പറയാൻ കാരണമെന്ത്?

* * *